**കേരള സർക്കാർ**

<u>സംഗ്രഹം</u>

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ - 29-ാം നമ്പർ ശുപാർശയിന്മേലുള്ള നടപടി - പ്രാവർത്തികമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(എം.എസ്)നം. **300/2018/ധന.** തീയതി, തിരുവനന്തപുരം, **17.08.2018.**

---

പരാമർശം: 1. 19.08.2017 ലെ സ.ഉ.(എം.എസ്)നം. 407/2017/ധന സർക്കാർ ഉത്തരവ്.

2. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള നടപടി റിപ്പോർട്ടും 07.02.2018 ന് സംസ്ഥാന നിയമസഭ മുൻപാകെ വയ്ക്കുകയുണ്ടായി. കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിലെ ഇരുപത്തിഒൻപതാം നമ്പർ ശുപാർശ താഴെക്കൊടുത്തിരിക്കുന്ന "കേരള പഞ്ചായത്ത് രാജ് ആക്ടും, കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം നിർവ്വഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്കുകൾ കത്തിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായ ചെലവുകൾക്ക് ബേസിക് ഗ്രാന്റ് ഉപയോഗിക്കുന്നതിന് ശുപാർശ ചെയ്യുന്നു". സർക്കാർ ഈ ശുപാർശയിന്മേൽ താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു: "പതിനാലാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന് കീഴിലുള്ള പദ്ധതികൾ വികസന ഫണ്ട് പ്രോജക്ടുകളുടെ ഭാഗമായിരിക്കുമെന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു."

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള പഞ്ചായത്ത് രാജ് ആക്ടും, കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം നിർവ്വഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്കുകൾ കത്തിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായ ചെലവുകൾക്ക് മാത്രമേ പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന അടിസ്ഥാന ഗ്രാന്റ് (Basic Grant) ഉപയോഗിക്കാവൂ എന്നും ടി ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ വികസന ഫണ്ട് പ്രോജക്ടുകളുടെ ഭാഗമായിരിക്കുമെന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഷർമിള മേരി ജോസഫ്**

സെക്രട്ടറി (ധനകാര്യ വ്യയം)

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി (ധനകാര്യം)

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ –ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-709264).

പുറപ്പെട്ടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ